# സർക്കുലർ

സർക്കുലർ നം: NHM/223/2025/SD-S2 തീയതി. 21/04/2026

വിഷയം – എൻ.എച്ച്.എം – ആശ സോഫ്റ്റ് വെയർ – ജനകീയ ആരോഗ്യ കേന്ദ്രത്തിലെ ഡാറ്റാ എൻട്രി –സംബന്ധിച്ച്.

സൂചന : സർക്കുലർ നം: എൻ.എച്ച്.എം/3813/JC(SD)/2021/SPMSU തീയതി 12.8.2025

മേൽ സൂചന പ്രകാരം ആശ സോഫ്റ്റ്വെയറിൽ ആശമാരുടെ പ്രതിമാസ റിപ്പോർട്ട് എൻട്രി മൂന്ന് തലങ്ങളിലായി നടന്നുവരുന്നു . നിലവിൽ ജനകീയ ആരോഗ്യ കേന്ദ്രതലത്തിൽ ഒരു യൂസർ മുഖാന്തിരം ആണ് എൻട്രി നടത്തിക്കൊണ്ടിരിക്കുന്നത്. 2026 ഏപ്രിൽ മാസം മുതൽ ജനകീയ ആരോഗ്യ കേന്ദ്ര തലത്തിൽ മൂന്നു ലോഗിനുകളിലൂടെ ഡാറ്റാ എൻട്രി നടത്തുന്നതിനായി സോഫ്റ്റ് വെയർ പരിഷ്കരിച്ചിരിക്കുന്നു.

1. ജൂനിയർ പബ്ളിക് ഹെൽത്ത് നേഴ്സമാർ (JPHN) നേരിട്ട് മേൽനോട്ടം നടത്തുന്ന പ്രവർത്തനങ്ങളുടെ എൻട്രി JPHN ന്റെ യൂസറിലാണ് നടത്തേണ്ടത്.

2. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ നേരിട്ട് മേൽനോട്ടം നടത്തുന്ന പ്രവർത്തനങ്ങളുടെ എൻട്രി JHI യുടെ യൂസറിലാണ് നടത്തേണ്ടത്.

3. എം.എൽ.എസ്.പി. നേരിട്ട് മേൽനോട്ടം നടത്തുന്ന പ്രവർത്തനങ്ങളുടെ എൻട്രി MLSP ന്റെ യൂസറിലാണ് നടത്തേണ്ടത്.

4. പി.പി. യൂണിറ്റുകളിൽ ആശമാരുടെ പ്രതിമാസ ഡാറ്റാ എൻട്രി നിലവിലെ രീതി തന്നെ തുടരേണ്ടതാണ്. MLSP ഇല്ലാത്ത ഇടങ്ങളിൽ MLSP ക്ക് നൽകിയിട്ടുള്ള ഇൻസെൻറ്റീവുകളുടെ ഡാറ്റ എൻട്രി നടത്തേണ്ടത് അതാത് JPHN നാണ് .

5. ലോഗിൻ ചെയ്യാനുള്ള യൂസർ ഐ.ഡി യും ആദ്യമായി ലോഗിൻ ചെയ്യാൻ ആവശ്യമായി വരുന്ന താൽകാലിക പാസ് വേർഡും അതാത് ജില്ല പ്രോഗ്രാം മാനേജറുടെ ഓഫീസിൽ നിന്നും നൽകുന്നതാണ്.

6. അംഗീകരിച്ച പ്രതിമാസ റിപ്പോർട്ടിൽ തിരുത്തുണ്ടെങ്കിൽ സ്ഥാപന മേധാവിയുടെ യൂസറിൽ നിന്നും റിക്വസ്റ്റ് നൽകാവുന്നതാണ്. പ്രസ്തുത റിക്വസ്റ്റ് ജില്ല പ്രോഗ്രാം മാനേജർ പരിശോധിച്ച് സംസ്ഥാന ഓഫീസറുടെ യൂസറിൽ എത്തുകയും ആയത് സംസ്ഥാന ഓഫീസിൽ നിന്നും അംഗീകരിക്കുന്നതോടുകൂടി മുറയ്ക്ക് ലോഗിനുകളിലൂടെ തിരുത്താവുന്നതാണ്.

7. സ.ഉ .( സാ.ധാ ) നം.1816 / 2023 / എച്ച് & എഫ് എഫ്ഡബ്ല്യൂ തിയതി 24 .07 .2023 പ്രകാരം അതാത് ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ ചാർജുള്ള സൂപ്പർവൈസർമാരെ (LHI/HI) തിരഞ്ഞെടുത്ത വിവരങ്ങൾ സമയ ബന്ധിതമായി ജില്ലാ ഓഫിസിലേക്കു നൽകേണ്ടതും സോഫ്റ്റ് വെയർ ലോഗിൻ ഐ ഡി ക്രിയേറ്റ് ചെയ്യേണ്ടതുമാണ്. ഇത്തരത്തിൽ തിരഞ്ഞെടുത്ത സൂപ്പർവൈസർമാർ (LHI/HI) ആയിരിക്കണം അടുത്ത മാസം മുതൽ ജനകീയ ആരോഗ്യ കേന്ദ്രത്തിൽ നിന്നും വരുന്ന ആശ പ്രതിമാസ റിപ്പോർട്ട് പരിശോധിച്ച് സ്ഥാപന മേധാവിക്ക് നൽകേണ്ടത്.

**ഡയറക്ടർ , ആരോഗ്യ വകുപ്പ്**

**സ്റ്റേറ്റ് മിഷൻ ഡയറക്ടർ ,എൻഎച്ച്എം**

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
എല്ലാ ജില്ലാ പ്രോഗ്രാം മാനേജർമാർക്കും
എല്ലാ സ്ഥാപന മേധാവികളും

പകർപ്പ്

ജില്ലാ ആശ കോഓർഡിനേറ്റർ , എല്ലാ ജില്ലകളും
ജൂനിയർ കൺസൾട്ടന്റ് (എച്ച്.ഡബ്ല്യൂ.സി.) എല്ലാ ജില്ലകളും